ഉത്തരം

(എ) 25-9-1986 മുതൽ

(ബി) 2,54,92,191 രൂപ.

(സി) 1,89,04,168 രൂപ.

കണ്ണട വാങ്ങുന്നതിനുള്ള ആനുകൂല്യം

1628. [2420] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 16-9-1985-ലെ ജി. ഒ. പി. നമ്പർ 515/85 ഫിൻ. ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ണട വാങ്ങുന്നതിനായി 100 ഉറുപ്പിക അനുവദിച്ചുകൊണ്ട് 1960-ലെ ഉദ്യോഗസ്ഥൻമാരുടെ മെഡിക്കൽ അറ്റൻഡൻസ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ആനുകൂല്യം എല്ലാ സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്കും ബാധകമാണോ ;

(സി) ടി തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ 16-9-1985-ലെ ജി. ഒ. (പി) നമ്പർ 515/85 ഫിൻ.എ.ന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23-1-1986-ലെ ജി. ഒ. (പി) നമ്പർ 12/86/ആരോഗ്യ കുടുംബ വകുപ്പ് എന്ന ഉത്തരവനുസരിച്ചു അർഹതയുള്ള സർക്കാർ ജീവനക്കാർക്ക് കണ്ണട വാങ്ങാൻ പരമാവധി 100 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 1960-ലെ മെഡിക്കൽ അറ്റൻഡൻസ് റൂൾസ് തദനുസരണമായി ഭേദഗതി ചെയ്തിട്ടില്ല. ഇത് പുറകെ ചെയ്യുന്നതാണ്. പക്ഷെ, ഈ ആനുകൂല്യം കൈപ്പറ്റുന്നതിന് ഇത് തടസ്സമല്ല.

(ബി) 1960-ലെ കേരള മെഡിക്കൽ അറ്റൻഡൻസ് റൂൾ ബാധകമാക്കിയിട്ടുള്ള എല്ലാ സർക്കാർ ജീവനക്കാർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. അർദ്ധ സർക്കാർ ജീവനക്കാർക്ക് ഈ ആനുകൂല്യം ബാധകമാക്കുന്ന കാര്യം അതത് സ്ഥാപനങ്ങളാണ് തീരുമാനിക്കേണ്ടത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II അടിയന്തിര പ്രമേയം

കുരിയാർകുറ്റി-കാരപ്പാറ മുതലായ പദ്ധതികൾ മുടങ്ങിയതുമൂലം ഉളവായിട്ടുള്ള സ്ഥിതി വിശേഷം

മി. സ്പീക്കർ : Environmental Appraisel Committees മുമ്പാകെയും മറ്റും കേരളാ ഗവൺമെന്റ് കാണിക്കുന്ന അലംഭാവം കാരണം മലബാറിലെ കുരിയാർകുറ്റി-കാരപ്പാറ തുടങ്ങിയ പല ജലസേചനവൈദ്യുതി പദ്ധതികളും മുടങ്ങിപ്പോകുന്നതുമൂലം സംജാതമായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. കൃഷ്ണൻകുട്ടി, കെ. ഇ. ഇസ്മയിൽ, സി. ടി. കൃഷ്ണൻ, വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly